WEDNESDAY 17.01.2024 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/01/2024

1. ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം ജില്ലയിലെ ക്ഷീരകർഷകസംഗമം 2023- 24 പാലിയോട് എസ് എസ് ഓഡിറ്റോറിയത്തിൽ വച്ച് 2024 ജനുവരി 16, 17 നടക്കുന്നു. ജില്ലാ ക്ഷീരകർഷക സംഗമം 2023-24 ന്റെ ഉദ്ഘാടനം പാറശാല നിയോജക മണ്ഡലം എംഎൽഎ, സി കെ ഹരീന്ദ്രന്റെ അധ്യക്ഷതയിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഇന്ന് നിർവഹിക്കുന്നു. ഇതോടനുബന്ധിച്ച് വിളംബര ഘോഷയാത്ര, കന്നുകാലി പ്രദർശനം, മൃഗസംരക്ഷണ ക്ഷീര വികസന കാർഷിക എക്സിബിഷൻ, ക്ഷീരകർഷക സംഗമം, സെമിനാറുകൾ, ശിൽപ്പശാല, ഡയറി ക്വിസ്, ക്ഷീരകർഷകരെ ആദരിക്കൽ, അവാർഡ് ദാനം, കലാസന്ധ്യ എന്നിവയും ഉണ്ടായിരിക്കും.

2. കേരള കാർഷിക സർവകലാശാലയുടെ പ്രസിദ്ധീകരണങ്ങൾ കേരളഗ്രോ ബ്രാൻഡിൽ ഓൺലൈനായി ആമസോണിലൂടെയുള്ള വിൽപ്പന ജനുവരി 18ന് രാവിലെ 11 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ന്റെ ചേമ്പറിൽ വച്ച് നടക്കുന്നു. തദവസരത്തിൽ കാർഷികോൽപാദന കമ്മീഷണർ ഡോ.ബി അശോക് ഐ എ എസ് പങ്കെടുക്കുന്നതാണ്. കൂടാതെ Package of Practices Recommendations Crops 2024 ന്റെ പ്രകാശനവും ഉണ്ടായിരിക്കുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ വെള്ളായണി കാർഷിക കോളേജ് വിദ്യാർത്ഥികളുടെയും CORTEVA അഗ്രിസയൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ 2024 ജനുവരി 18, 19 തീയതികളിൽ അന്താരാഷ്ട്ര സസ്യ ശാസ്ത്ര സിമ്പോസിയം സംഘടിപ്പിക്കുന്നു. 2023 ലെ നോർമൻ. ഇ. ബോർലോഗ് ഫീൽഡ് സയൻറിസ്റ്റ് അവാർഡ് ജേതാവ് ഡോക്ടർ സ്വാതി നായ്ക് പരിപാടിയുടെ മുഖ്യ അതിഥി ആവും. കൂടാതെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിദ്യാർത്ഥികൾക്കായി പോസ്റ്റർ പ്രസന്റേഷൻ ഓറൽ പ്രസന്റേഷൻ എന്നിവയും സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരയിനങ്ങൾ രണ്ടു ദിവസങ്ങളിലായി നടക്കും. കർഷകർക്കും വിദ്യാർത്ഥികൾക്കും ആയി എക്സിബിഷനും 2 ദിവസങ്ങളിലായി നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://aicsa2024.com/എന്ന വിലാസത്തിൽ ബന്ധപ്പെടുക.

4. ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെയും ചെറുവള്ളി ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു പാൽ ഗുണ നിയന്ത്രണ ബോധവൽക്കരണ പരിപാടി ഇന്ന് (ജനുവരി 17) ചെറുവള്ളി ക്ഷീരോൽപാദക സഹകരണസംഘം അപ്കോസ് ഹാളിൽ വച്ച് സംഘടിപ്പിക്കുന്നു. ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ധർ പരിപാടിയിൽ ക്ലാസുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നു.

5. ഫിഷറീസ് വകുപ്പ് പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതി പ്രകാരം നടപ്പാക്കുന്ന ബാക്യാർഡ് മിനി ആർ.എ.എസ് യൂണിറ്റ്, മോട്ടോർ സൈക്കിൾ വിത്ത് ഐസ് ബോക്സ്, ത്രീ വീലർ ഐസ് ബോക്സ് എന്നീ ഘടകപദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷകൾ കമലേശ്വരത്തുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (തിരുവനന്തപുരം മേഖല) ഓഫിസിലോ, ബന്ധപ്പെട്ട മത്സ്യഭവനുകൾ മുഖേന ജനുവരി 19 നകം 0471 2464076, 2450773 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജിലെ ട്രെയിനിങ് സർവീസ് സ്കീമിന്റെയും കരമന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ **സംയോജിത കൃഷി മാതൃകകളും മത്സ്യകൃഷിയും** എന്ന വിഷയത്തിൽ രണ്ടുദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ജനുവരി 18, 19 തീയതികളിൽ രാവിലെ 9.30 മുതൽ 5 മണി വരെ കരമന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ വച്ചാണ് പരിശീലനം. രജിസ്ട്രേഷൻ ഫീസ് 1000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് 8281527584, 8891540778 എന്നീ ഫോൺ നമ്പറുകളിൽ ( 9 AM to 5 PM) വിളിക്കുക.

7. കൊല്ലം ജില്ലയിലെ കൊട്ടാരക്കര കില-സെന്റർഫോർ സോഷ്യോ-ഇക്കണോമിക് ഡെവലപ്പ്മെന്റ് വികസന-പരിശീലന കേന്ദ്രത്തിൽ ജനുവരി 17 മുതൽ 19 വരെ **ആട് വളർത്തലിൽ** സൗജന്യപരിശീലനം സംഘടിപ്പിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലെ എല്ലാ ബ്ലോക്കുകളിൽ/പഞ്ചായത്തുകളിൽ നിന്നും എസ് എച്ച് ജി/ എൻ എച്ച് ജി/ കുടുംബശ്രീ അംഗങ്ങൾ/ ഹരിതകർമ സേനാംഗങ്ങൾ എന്നിവർക്ക് പങ്കെടുക്കാം. താമസം, ഭക്ഷണ യാത്രാപ്പടി എന്നിവ നൽകും. കൂടുതൽ വിവരങ്ങൾക്ക് 9496687657, 9496320409 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

8. കൊട്ടിയം ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെൻററിൽ 2024 ജനുവരി 20ന് **തേനീച്ച വളർത്തലിൽ** സൗജന്യപരിശീലനം നൽകുന്നു. 0474-2537300, 9447525485 നമ്പരുകളിൽ രാവിലെ 10.30 മുതൽ വൈകിട്ട് 3.30 വരെ രജിസ്റ്റർ ചെയ്യാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കേരള കാർഷിക സർവകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ നല്ല കായ്ഫലം തരുന്ന 1085 തെങ്ങുകളിൽ നിന്ന് 01.02.2024 മുതൽ 31.01.2025 വരെയുള്ള ഒരു വർഷ കാലയളവിൽ വ്യവസ്ഥകൾക്ക് വിധേയമായി കരിക്കും നാളികേരവും വിളവെടുക്കുന്നതിനുള്ള അവകാശത്തിന് 23.01.2024 രാവിലെ 11.30 മണിക്ക് പരസ്യ ലേലം നടത്തുന്നതായിരിക്കും. തെങ്ങ് ദർഘാസ്/ ലേല നോട്ടീസ് സർവകലാശാലയുടെ www.kau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി നേരിട്ടോ 0487 2961457 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

10. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ജനുവരി 19, 20 എന്നീ തീയതികളിൽ **തീറ്റപ്പുൽ കൃഷി സമഗ്ര പരിശീലനം** നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893153/9633668644 എന്നീ ഫോൺ നമ്പരുകളിലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ , ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

11. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "കൂൺ കൃഷി" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഫെബ്രുവരി 2 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ഫെബ്രുവരി 1 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ചെയ്തവർക്ക് ഫെബ്രുവരി 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

12. റബ്ബർതോട്ടങ്ങളിലെ തേനീച്ചവളർത്തൽ, തേൻവിളവെടുപ്പ് എന്നിവയെക്കുറിച്ചറിയാനും സംശയങ്ങൾ ദൂരീകരിക്കാനും റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് തേനീച്ചവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തിവരുന്ന തേനീച്ചവളർത്തൽ കോഴ്സിൽ പരിശീലകനുമായ ബിജു ജോസഫ് ഇന്ന് (ജനുവരി 17) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481––2576622.**

13. റബ്ബറിനങ്ങളുടെ ശുപാർശ, നടീൽവസ്തുക്കളുടെ ഉത്പാദനം എന്നിവയിൽ 2024 ജനുവരി 18-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) വെച്ച് പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം